ഇതിൻപ്രകാരം സംസ്ഥാനത്തെ ആറ് സക്കാർ കൃഷിത്തോട്ടങ്ങളിൽനിന്നും ഉൽപാദിപ്പിക്കപ്പെടുന്ന മേൽത്തരം മരച്ചീനിക്കമ്പുകളും അംഗീകൃതകർഷകർ മുഖേന കൃഷിക്കാർക്ക് നൽകിവരുന്നു. മരച്ചീനിവിളവ് വർദ്ധിപ്പിക്കുന്നതിനുള്ള പ്രചോദനം നൽകുന്നതിനായി വിളവുമത്സരങ്ങളും നടത്തിവരുന്നു. മരച്ചീനികൃഷിത്തോട്ടങ്ങളും കർഷകരുടെ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്.

കേന്ദ്രഗവണ്മെൻറ് ആരംഭിച്ചിരിക്കുന്ന കിഴങ്ങുവർഗ്ഗഗവേഷണ കേന്ദ്രത്തിനാവശ്യമായ ഉദ്ദേശം 53½ഏക്കർസ്ഥലം സംസ്ഥാനഗവണ്മെൻറ് പൊന്നുംവിലയ്ക്കെടുത്തു നൽകുകയുണ്ടായി. ഈ സാമ്പത്തികവർഷത്തിൽ മരച്ചീനികൃഷിക്ക് ഏക്കറിന് അറുപത്തിയഞ്ചുരൂപപ്രകാരം ഹ്രസ്വകാലവായ്പകളും നൽകിവരുന്നു.

(ബി) സംസ്ഥാനത്ത് വർഷത്തിൽ ഉദ്ദേശം 16 ലക്ഷം ടൺ മരച്ചീനി ഉൽപ്പാദിപ്പിക്കപ്പെടുന്നു. ഇതിൽ വിവിധാവശ്യങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്തുന്ന മരച്ചീനിയുടെ കൃത്യമായ കണക്കുകളും ശേഖരിച്ചിട്ടില്ല.

(സി) കൃഷിക്കാർക്ക് ന്യായമായ വില ലഭ്യമാകുന്നതിനുവേണ്ടി 'Pilot Scheme' എന്ന ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. മരച്ചീനിയുടേയും മരച്ചീനി വിഭവങ്ങളുടേയും കയറ്റുമതി വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. തൽഫലമായി കൃഷിക്കാർക്ക് ആകർഷകമായ വില കിട്ടുമെന്നു പ്രതീക്ഷിക്കുന്നു.

(ഡി) ഇതു സംബന്ധിച്ചുള്ള ആലോചനകൾ പൂർത്തിയായിട്ടില്ല.

Water Transport

* 226. [16] **Shri M. Rabindranath** : Will the Minister for Public Works be pleased to state:

(a) what is the amount allotted under the III Plan for this State for the improvement of Water Transport ie. for the dredging of canals, rivers, etc. ;

(b) what is the amount expended till now out of the tota allotment?

Minister for Public Works (**Shri P. P. Ummer Koya**) :

(a) The total III Plan outlay for development of inland water transport for the State is Rs. 150 lakhs inclusive of the provil sion for constructing Badagara-Mahe Canal.

(b) Rs. 39.75 lakhs till the end of December 1963.

പാലങ്ങളുടെ നിർമ്മാണം.

* 227. [17] ശ്രീ. എൻ. ഇ. ബലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എമർജൻസിമൂലം നിറുത്തിവയ്പ്പിച്ച പാലങ്ങളുടെ നിർമ്മാണം വീണ്ടും ആരംഭിക്കാൻ ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കണ്ണൂർ ജില്ലയിലെ, പൊന്ന്യം, പെരിങ്ങത്തൂർ, എറളം എന്നീ പാലങ്ങളുടെ നിർമ്മാണം ആരംഭിക്കാൻ ഭയവുണ്ടാകുമോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) ധനദൌർലഭ്യം കാരണം വർക്കുകൾ മാറ്റിവയ്ക്കേണ്ടിവന്നിട്ടുണ്ട്. പക്ഷെ അപകടനിലയിലുള്ള പാലങ്ങൾ പുതുക്കിപ്പണിയുന്നതിനു ധനസ്ഥിതിയനുസരിച്ച നടപടികൾ എടുക്കുന്നതാണ്. പുതുതായി പാലങ്ങൾ പണിയുന്ന കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly